"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ അയ്യൻകുന്ന് വില്ലേജ് വിഭജിച്ച് കരിക്കോട്ടക്കരി ആസ്ഥാനമായി പുതിയ വില്ലേജ് രൂപീകരിച്ച് ഉത്തരവാകുന്നു.

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.117/2020/റവ. തീയതി,തിരുവനന്തപുരം, 20/04/2020

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.08.2019-ലെ എൽ.ആർ(എം1)-21817/2018 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിന് കീഴിലുള്ള ഏറ്റവും വിസ്തൃതി കൂടിയതും കർണ്ണാടക സംസ്ഥാനത്തോട് ചേർന്ന് കിടക്കുന്നതും കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും വനം അതിർത്തിയായി വരുന്നതും യാത്രാ സൗകര്യം കുറവുള്ളതുമായ വില്ലേജാണ് അയ്യൻകുന്ന്. അയ്യൻകുന്ന് പഞ്ചായത്തിൽ ആകെയുള്ള 16 വാർഡുകളും ഉൾപ്പെടുന്ന അയ്യൻകുന്ന് വില്ലേജിന്റെ ആകെയുള്ള വിസ്തൃതി 122.80 ച.കി.മീറ്ററും ആകെയുള്ള ജനസംഖ്യ 32000 ഉം ആണ്. വില്ലേജിന്റെ വടക്ക് തെക്ക് അതിർത്തികൾ തമ്മിൽ സുമാർ 50 കി.മീറ്റർ ദൂരവ്യത്യാസമുണ്ട്. നിലവിൽ അയ്യൻകുന്ന് വില്ലേജ് സ്ഥിതി ചെയ്യുന്നത് പ്രസ്തുത വില്ലേജിന്റെ മധ്യഭാഗത്തായ അങ്ങാടിക്കടവ് ടൗണിൽ ആണ്. അയ്യൻകുന്ന് വില്ലേജിന്റെ തെക്ക് കിഴക്ക് ഭാഗങ്ങളായ മുണ്ടയാംപറമ്പ കരിക്കോട്ടക്കരി, വലിയപറമ്പുംകരി, വാളത്തോട് മേഖലയിൽ നിന്നും സുമാർ 10 കി.മീറ്റർ യാത്ര ചെയ്താലേ അങ്ങാടിക്കടവ് ടൗണിൽ എത്തുവാൻ സാധിക്കുകയുള്ളൂ, ആയതിനാൽ അയ്യൻകുന്ന് വില്ലേജ് വിഭജിച്ച കരിക്കോട്ടക്കരി കേന്ദ്രമാക്കി പുതിയ വില്ലേജ് ഓഫീസ് രൂപീകരിച്ചാൽ ജനങ്ങളുടെ ബുദ്ധിമുട്ടുകളും അതുപോലെ ഓരോ ദിവസവും വലിയ ജനക്കൂട്ടത്തെ കൈകാര്യം ചെയ്യേണ്ടി വരുന്ന വില്ലേജ് ജീവനക്കാരുടെ ബുദ്ധിമുട്ടും ഒഴിവാക്കാൻ സാധിക്കുമെന്നും കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2) പ്രസ്തുത മേഖലകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിക്കാവുന്നതാണ്. അതിൽ എടപ്പുഴ, കൂമൻതോട്, കരിക്കോട്ടക്കരി, കമ്പനി നിരത്ത്, ഈന്തുംകരി, വലിയപറമ്പുംകരി, ആനപ്പന്തി വാർഡിന്റെ ഒരു ഭാഗം, മുണ്ടയാംപറമ്പ് വാർഡിന്റെ ഒരു ഭാഗം, എന്നിങ്ങനെയും ആറളം വില്ലേജിന്റെ ഭാഗങ്ങളായ എടൂർ വാർഡിന്റെ കുറച്ച് ഭാഗങ്ങളും മാഞ്ചോട് പൂർണ്ണമായും, അഞ്ചാം വാർഡായ വിയറ്റ്നാം എന്നിങ്ങനെയും ഉൾപ്പെടുത്തിക്കൊണ്ട് കരിക്കോട്ടക്കരി ആസ്ഥാനമാക്കി പുതുതായി വില്ലേജ് രൂപീകരിക്കാവുന്നതാണെന്നും കൂടാതെ കരിക്കോട്ടക്കരി ടൗണിന്റെ ഹൃദയഭാഗത്തായി 0.0243 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുള്ളതും ടി ഭൂമി വിലക്ക് വാങ്ങി ആയതിൽ സ്വന്തം കെട്ടിടം നിർമ്മിച്ച് വില്ലേജിന്റേതായി നൽകാമെന്ന് കരിക്കോട്ടക്കരി മേഖലാ വികസന സമിതി അറിയിച്ചിട്ടുള്ളതായും അയ്യൻകുന്ന് വില്ലേജിന്റെ പ്രവർത്തനം നിലവിലുള്ള കെട്ടിടത്തിൽ തന്നെ തുടരാവുന്നതാണെന്നും കൂടി ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യുകയുണ്ടായി.

3) വില്ലേജ് ഓഫീസർ -1, സ്പെഷ്യൽ വില്ലേജ് ഓഫീസർ -1, വില്ലേജ് അസിസ്റ്റന്റ് -1, വില്ലേജ് ഫീൽഡ്

അസിസ്റ്റന്റ് - 2, പാർട്ട് ടൈം സ്വീപ്പർ - 1 എന്നിങ്ങനെ 6 തസ്തികകളാണ് പ്രസ്തുത വില്ലേജ് ഓഫീസിന്റെ പ്രവർത്തനത്തിനായി ആവശ്യമായിട്ടുള്ളത്. കൂടാതെ വില്ലേജ് ഓഫീസിലേക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനായി 1,00,000/- രൂപയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 2,00,000/- രൂപയും കൂടി ആകെ 3,00,000/- രൂപ അനാവർത്തന ചെലവ് ഇനത്തിലും വില്ലേജ് ഉദ്യോഗസ്ഥർക്ക് പ്രതിമാസം ആകെ 1,15,600/- രൂപയും നാളത് നിരക്കിലുള്ള ക്ഷാമബത്തയും മറ്റാനുകൂല്യങ്ങളും നൽകുന്നതിനാവശ്യമായ ആവർത്തന ചെലവും വേണ്ടി വരുന്നതാണ്.

4) പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ അയ്യൻകുന്ന് വില്ലേജ് വിഭജിച്ച് കരിക്കോട്ടക്കരി ആസ്ഥാനമായി പുതിയ വില്ലേജ് രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

5) അയ്യൻകുന്ന്, കരിക്കോട്ടക്കരി വില്ലേജുകളിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം പുതിയ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പ്രത്യേകം പരിശോധിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( ഇ.1319511 : വ്യയം- എ1/456/2019-ധന പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
വെബ്ബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by Pushpavally B
Date: 2020.0[illegible] 12:59:03 IST
Reason: Approved

സെക്ഷൻ ഓഫീസർ